"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-ഏറാമല ഗ്രാമപഞ്ചായത്ത്-കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയ നിർമ്മാണം സംബന്ധിച്ച് ഭരണസമിതിയുടെ 02.02.2021 ലെ 4/38, 18.02.2021 ലെ 44-ാം നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം.663/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05.03.2021.**

---

പരാമർശം:- 1 ഏറാമല ഗ്രാമപഞ്ചായത്തിന്റെ 02.02.2021 ലെ 4/38, 18.02.2021 ലെ 44-ാം നമ്പർ തീരുമാനങ്ങൾ

2 ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2021 ലെ എ 4-5411/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏറാമല ഗ്രാമപഞ്ചായത്തിലെ ഓർക്കാട്ടേരി ടൗണിൽ ശ്രീ. അബ്ദുൾ അസീസ് എന്നവർ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയ നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് രാജ് നിയമം 235 W 2(1) വകുപ്പനുസരിച്ച് നോട്ടീസ് നൽകുകയും ആയത് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ അസീസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത അപ്പീൽ ഭരണസമിതി യോഗം പരിശോധിക്കുകയും 235 W 2(1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസിനെതിരെ അപ്പീൽ പരിഗണിക്കാൻ പഞ്ചായത്ത് ഭരണസമിതിക്ക് അധികാരമില്ലെന്ന സെക്രട്ടറിയുടെ നിർദ്ദേശം പരിഗണിക്കാതെ ഗ്രാമപഞ്ചായത്ത് നൽകിയ സ്റ്റോപ്പ് മെമ്മോ റദ്ദ് ചെയ്യുന്നതിനും പരാതിക്കാരന് കെട്ടിടത്തിന്റെ തുടർനിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് അനുമതി നൽകുന്നതിനും ഭരണസമിതി പരാമർശം(1) ലെ 02.02.2021 ൽ തീരുമാനമെടുക്കുകയുണ്ടായി.

2) പ്രസ്തുത തീരുമാനം പുനഃ പരിശോധിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി ഭരണസമിതിക്ക് സമർപ്പിച്ച കത്ത് ഭരണസമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തെങ്കിലും പ്രസ്തുത പുനരവലോകന ഹർജി അടിസ്ഥാന രഹിതമാണെന്നും ആയതിനാൽ നിരസിക്കുന്നതിനും ഭരണസമിതി പരാമർശം (1) ലെ 18.02.2021 ൽ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പഞ്ചായത്ത് രാജ് നിയമ പ്രകാരം നൽകപ്പെട്ട അധികാര സീമ ലംഘിക്കുന്നതാണെന്ന് ആരോപിച്ചു കൊണ്ട്, ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം(2) പ്രകാരം സർക്കാരിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണം ആരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിൽ പ്രധാന ന്യൂനതകൾ ഫീൽഡിൽ നിലവിൽ പൂർത്തീകരിക്കപ്പെട്ട നിർമ്മാണത്തിൽ മാറ്റം വരുത്തി മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ നോട്ടീസ് പിൻവലിച്ച് നിർമ്മാണ പ്രവൃത്തി തുടരുന്നതിന് അനുമതി നൽകണമെന്ന ഭരണസമിതി തീരുമാനം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

4) മേൽ സാഹചര്യത്തിൽ ഏറാമല ഗ്രാമപഞ്ചായത്തിന്റെ പരാമർശം(1) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകുമാർ.എൻ
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രസിഡന്റ്, ഏറാമല ഗ്രാമപഞ്ചായത്ത്, ഓർക്കാട്ടേരി പി ഒ,കോഴിക്കോട്-673501.

സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്, ഓർക്കാട്ടേരി പി ഒ, കോഴിക്കോട്-673501.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ